**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുവാനായി 05/11/2020 തീയതിയിലെ സ.ഉ.(എം.എസ്.)നം.214/ 2020/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ, പഠനം പൂർത്തിയാക്കി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന തിനായി പ്രസ്തുത റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽ നിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് 20.06.2023 –ലാണ് കൈമാറിയത്.<br><br>ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ, കുട്ടനാട്ടിലേയും മലയോര പ്രദേശങ്ങളിലേയും, തീരദേശ മേഖലയിലേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും, വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്ന പരിഹാരങ്ങൾക്കുള്ള സമഗ്രമായ നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8 ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും, ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുവാനായി 284 ശുപാർശകളാണ് കമ്മീഷൻ നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതാത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി 09.01.2024 തീയതിയിലും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിൻമേൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22.08.2024 തീയതിയിലും യോഗം വിളിച്ചു ചേർക്കുകയുണ്ടായി. കൂടാതെ, ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ.ഉ.(സാധാ)നം.993/2024/ പൊ.ഭ.വ. നമ്പരായി 02.03.2024 തീയതിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശുപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിയ്ക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തുടർനടപടികൾ വേഗത്തിലാക്കി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിൽ അതാത് വകുപ്പുകളിൽ നിന്ന് അഭിപ്രായം ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ